പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4279

19.10.2011-ൽ മറുപടിയ്ക്ക്

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, എ.എം.ആരിഫ്<br>,, ബാബുഎം.പാലിശ്ശേരി<br>,, കെ.ദാസൻ | | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) | |
| എ. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അടുത്ത വർഷം കേരളത്തിന് 2000 കോടി രൂപയെങ്കിലും നേടിയെടുക്കാൻ സംസ്ഥാന സർക്കാർ ശ്രമം നടത്തുമോ ; | എ. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തു ജോബ് കാർഡ് കൈപ്പറ്റിയ കുടുംബങ്ങൾ ഒരു വർഷം ആവശ്യപ്പെടുന്ന തൊഴിൽ ദിനങ്ങൾക്കനുസൃതമായി തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിനുള്ള വിഹിതം നിശ്ചയിക്കുന്നത്. കേന്ദ്രഗവൺമെന്റ് വിഹിതം നിശ്ചയിക്കുന്നതിനു മുൻ വർഷം സംസ്ഥാനം ചെലവഴിച്ച തുകയും കൂടി പരിഗണിക്കും. തലേവർഷം ചെലവഴിച്ച തുക കുറവായതിനാൽ സംസ്ഥാനത്തിന് കൂടുതൽ തുക ലഭിക്കാനുള്ള സാദ്ധ്യത വളരെ കുറവാണ്. അപ്രകാരം മുൻ സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ 120% തുകയ്ക്കായിരിക്കും ലേബർ ബഡ്ജറ്റ് സാധാരണ ഗതിയിൽ കേന്ദ്രഗവൺമെന്റ് അംഗീകരിക്കുന്നത്. 2011-12 സാമ്പത്തിക വർഷം സംസ്ഥാനത്തിന് കേന്ദ്രം അംഗീകരിച്ചത് 932.22 കോടി രൂപയുടെ ലേബർ ബഡ്ജറ്റാണ്. |
| ബി. | കേരളത്തിലെ വേതനം വർദ്ധിപ്പിച്ചു കിട്ടുന്നതിലേക്കുള്ള ശ്രമം വിജയിച്ചിട്ടുണ്ടോ ; | ബി. | കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല. |
| സി. | അടുത്ത വർഷത്തേക്കുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; 200 രൂപ കൂലി നിരക്കിൽ എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ സാധിക്കും ? | സി. | അടുത്തവർഷത്തേക്കുള്ള പ്രൊപ്പോസൽ ലേബർ ബഡ്ജറ്റായി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 200/- രൂപ ദിവസകൂലി നൽകുന്നതിന് അനുമതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ